# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*93      12.03.2015 -ലെ മറുപടിയ്ക്ക്

## സംസ്ഥാന സർവ്വകലാശാലകളുടെ പ്രവർത്തനം

*ചോദ്യം*

ശ്രീ. ആർ. രാജേഷ്
ശ്രീ. എ. കെ. ബാലൻ
ശ്രീ. ജി. സുധാകരൻ
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ .

*ഉത്തരം*

ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സർവ്വകലാശാലകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; മിക്ക സർവ്വകലാശാലകളുടെയും ജനാധിപത്യപരമായ പ്രവർത്തനം സുഗമമായി നടക്കുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | സർക്കാരിന്റെയും സർവ്വകലാശാലാ അധികൃതരുടെയും നയവും നടപടികളും പ്രസ്തുത അവസ്ഥക്ക് കാരണമായിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) | സർക്കാർ നടപടികൾ, സർവ്വകലാശാലയിലെ പ്രശ്നങ്ങൾക്ക് കാരണമായിട്ടില്ല. സർവ്വകലാശാലകളിൽ വൈസ് ചാൻസലർമാരും സിൻഡിക്കേറ്റ് അംഗങ്ങളും തമ്മിൽ ചില അവസരങ്ങളിൽ തർക്കങ്ങൾ ഉണ്ടായിട്ടുണ്ട്. അവ ബന്ധപ്പെട്ട സമിതികളുമായി ചർച്ച ചെയ്ത് പരിഹരിക്കുന്നുണ്ട്. |
| (സി) | കോഴിക്കോട് സർവ്വകലാശാല വൈസ് ചാൻസലറുടെ നടപടികൾ സർവ്വകലാശാലയുടെ അക്കാദമികവും ഭരണപരവുമായ പ്രവർത്തനങ്ങൾ സ്തംഭിപ്പിക്കുന്നതിന് കാരണമായിട്ടുണ്ടോ ; | (സി) | കോഴിക്കോട് സർവ്വകലാശാലയിൽ വൈസ് ചാൻസലറും സിൻഡിക്കേറ്റ് അംഗങ്ങളും തമ്മിലുള്ള അഭിപ്രായ വ്യത്യാസങ്ങളും അതിനെ തുടർന്നുള്ള വിദ്യാർത്ഥികളുടെയും അദ്ധ്യാപക- അനദ്ധ്യാപകരുടെയും അസംതൃപ്തിയും, സർവ്വകലാശാലയുടെ സുഗമമായ നടത്തിപ്പിന് ചില സാഹചര്യങ്ങളിൽ പ്രയാസങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ബന്ധപ്പെട്ടവരുടെ ഒരു യോഗം 28.10.2014 ൽ ബഹു. മുഖ്യമന്ത്രി വിളിച്ച് ചേർത്തു. ടി യോഗത്തിൽ വിദ്യാർത്ഥികൾക്കുള്ള ഫെലോഷിപ്പ്, അദ്ധ്യാപകർക്കുള്ള കുടിശ്ശിക, പ്രൊമോഷൻ എന്നിവ അടിയന്തിരമായി നൽകാനും വിദ്യാർത്ഥികളുടെ ഹോസ്റ്റൽ നിർമ്മാണം, കായിക വിദ്യാർത്ഥികളുടെ താമസം |

| | | | |
|---|---|---|---|
| | | | എന്നീ കാര്യങ്ങളിൽ നിർദ്ദേശം നൽകുകയുണ്ടായി. കാസ്ലാബ് (CASLAB) (Central Academic, Science, Library & Administrative Block) സംബന്ധിച്ച നിർമ്മാണ പ്രവർത്തനങ്ങൾ, വിദ്യാർത്ഥികളുടെ ഹോസ്റ്റൽ അടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ പൂർത്തീകരിച്ചതിനുശേഷം, മാത്രം ആരംഭിച്ചാൽ മതിയെന്നും തീരുമാനിച്ചു. കൂടാതെ വൈസ് ചാൻസലറും സിൻഡിക്കേറ്റും, പരസ്പര ബഹുമാനത്തോടും ജനാധിപത്യ രീതിയിലും പ്രവർത്തിക്കണമെന്നും നിർദ്ദേശിച്ചു. |
| (ഡി) | സർവ്വകലാശാലാ ഭൂമി പതിച്ച് നൽകിയതും ഫണ്ട് വിനിയോഗം ചെയ്യുന്നതും അക്കാദമികരംഗത്തെ പ്രവർത്തനങ്ങളും സംബന്ധിച്ച് വൈസ് ചാൻസലർക്കെതിരെ നിരന്തരം ഉയർന്നുവരുന്ന പരാതികൾ സംബന്ധിച്ച് സമഗ്ര അന്വേഷണത്തിന് തയ്യാറാകുമോ; | (ഡി) | സർവ്വകലാശാല ഭൂമി ആർക്കും പതിച്ചുനൽകിയിട്ടില്ല. വൈസ് ചാൻസലർക്കെതിരെ അന്വേഷണനടപടികൾ സ്വീകരിക്കേണ്ടത് ബഹു. ചാൻസലറാണ്. |
| (ഇ) | ബഹു. ഗവർണ്ണറുടെ തീരുമാനങ്ങൾ നടപ്പിലാക്കുന്നുണ്ടോ; പ്രസ്തുത വൈസ് ചാൻസലറെ തൽസ്ഥാനത്തു നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ഇ) | കോഴിക്കോട് സർവ്വകലാശാല നിയമത്തിൽ ചാൻസലർ, വൈസ് ചാൻസലർ, സിൻഡിക്കേറ്റ് എന്നിവരുടെ അധികാരങ്ങളെയും ചുമതലകളെയും സംബന്ധിച്ച് വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട് . ഇതനുസരിച്ച് സർവ്വകലാശാലകളുടെ തലവൻ, ചാൻസലറാണ്. വൈസ് ചാൻസലർ ഉൾപ്പെടെയുള്ള, സർവ്വകലാശാ ഉദ്യോഗസ്ഥർക്കെതിരെ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിന് ചാൻസലർക്ക് അധികാരമുണ്ട്. |

സെക്ഷൻ ഓഫീസർ